**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3534** **02-03-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആർട്സ് ആൻറ് സയൻസ് കോളേജുകളിലെയും ലോ കോളേജുകളിലെയും പ്രിൻസിപ്പൽ നിയമനം നിയമവിരുദ്ധമെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No.668/2019 ൽ 16.12.2022 തീയതിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 23.12.2017 തീയതിയിലെ സ.ഉ(സാധാ) നം.2327/2017/ ഉ.വി.വ, 29.05.2018 തീയതിയിലെ സ.ഉ(സാധാ) നം. 1052/2018/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകളിലൂടെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നൽകിയ 12 പേരുടെ നിയമനം സെലക്ഷൻ കമ്മിറ്റി കൂടാതെ നടത്തിയതായതിനാൽ 2010 യുജിസി റെഗുലേഷൻ പ്രകാരം ക്രമപ്രകാരമല്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ലോ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM)109/2021 - ലെ 04.01.2023 - ലെ ഉത്തരവ് പ്രകാരം ക്രമപ്രകാരമല്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രസ്തുത വിധിക്കെതിരെ സർക്കാരോ പ്രിൻസിപ്പൽമാരോ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.12.2022 ലെ OA No.668/2019 ൻമേലുള്ള ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനും, പ്രസ്തുത വിധി നടപ്പാക്കുന്നതിനെതിരേ സ്റ്റേ ലഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. OA (EKM) 109/2021 - ലെ 04.01.2023 - ലെ ഉത്തരവിൻമേൽ അഡ്വക്കേറ്റ് ജനറലിൽ നിന്നും നിയമോപദേശം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | സർക്കാർ ആർട്സ് ആൻറ് സയൻസ് കോളജുകളിലും ലോ കോളജുകളിലും നിയമവിരുദ്ധമായി നിയമനം നേടിയ പ്രിൻസിപ്പൽമാരിൽ ആരെങ്കിലും ഇപ്പോൾ പ്രസ്തുത | (സി) | 2010 യുജിസി റെഗുലേഷൻ പ്രകാരമുള്ള നിയമനമല്ലെന്ന് -16.12.2022 ലെ KAT ഉത്തരവിൽ പറയുന്ന,ചുവടെ പരാമർശിക്കുന്ന 4 പേർ സർക്കാർ |

| | | | |
|---|---|---|---|
| | തസ്തികയിലോ പ്രൊമോഷൻ തസ്തികയിലോ തുടരുന്നുണ്ടോ; എങ്കിൽ ആരെല്ലാമാണ് തുടരുന്നതെന്ന് വ്യക്തമാക്കാമോ? | | ആർട്സ് ആൻറ് സയൻസ് കോളേജുകളിൽ സേവനത്തിൽ തുടരുന്നു.<br>1. ഡോ.സുനിൽ ജോൺ ജെ - ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം.<br>2. ഡോ.വി.അനിൽ - ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, എറണാകുളം.<br>3. ഡോ. അനുരാധ.വി.കെ - സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പാൾ, ഗവ കോളേജ്, ചിറ്റൂർ.<br>4. ഡോ. കെ. കെ. ദാമോദരൻ, പ്രിൻസിപ്പാൾ, ഗവ. കോളേജ്, മലപ്പുറം.<br>സർക്കാർ ലോ കോളേജുകളിൽ ചുവടെ പരാമർശിക്കുന്ന 3 പേർ സേവനത്തിൽ തുടരുന്നു.<br>1 ശ്രീ. ബിജുകുമാർ.ആർ, പ്രിൻസിപ്പാൾ,ഗവ. ലോകോളേജ്, തിരുവനന്തപുരം<br>2. ശ്രീമതി.ബിന്ദു എം. നമ്പ്യാർ, പ്രിൻസിപ്പാൾ,ഗവ. ലോകോളേജ്, എറണാകുളം<br>3. ശ്രീ. വി.ആർ ജയദേവൻ, പ്രിൻസിപ്പാൾ,ഗവ. ലോകോളേജ്, തൃശ്ശൂർ |

സെക്ഷൻ ഓഫീസർ